# നീലാംബരി

## ജി ജി എച്ച് എസ് വടക്കാഞ്ചേരി

2023_2024

# പത്രാധിപ സമിതി

ജെന്നി റോസ് എം ബി

അനുശ്രീ എ ആർ

മീതു അൽഫോൺസ

അലീന അഞ്ജോ

ഹഫ്സ ഇ എ

അനന്യ എം എ



# ആമുഖം

ഒരു വ്യക്തിയുടെ സമൂല വ്യക്തിത്വത്തെ രൂപത്കരിക്കുന്നതിൽ വായന വലിയ പങ്ക് വഹിക്കുന്നുണ്ട്. ഭാഷാജ്ഞാനം കൈവരിക്കുന്നതിനും ആശയ വിവര നിമയത്തിനുമുള്ള ഒരു ഉപാധിയാണ് വായന . ആശയം ഗ്രഹിക്കുന്നതിനും അർഥം മനസ്സിലാക്കുന്നതിനും വിവിധ തരത്തിലുള്ള വായനതന്ത്രങ്ങൾ വായനക്കാരൻ ഉപയോഗിക്കുന്നു. പുതിയതലമുറ ഉപകരണങ്ങൾ മനുഷ്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായതോടെ വായനയുടെ ആകാശം വികസിക്കുകയാണ്. പുസ്തകം തന്നെ അത്യാവശ്യമല്ലാത്ത പുതിയ വായനയുടെ ലോകമാണ് സാങ്കേതികത ഒരുക്കിത്തരുന്നത് എന്നതാണ് യാഥാർത്ഥ്യം. ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് വടക്കാഞ്ചേരി ഗവ ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് "**നീലാംബരി**".

# സന്ദേശം



ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിസ്മയലോകത്തേക്ക് ചുവട് വച്ച് മുന്നേറുന്ന കുട്ടികളുടെ സർഗ്ഗാത്മകതയെ ഡിജിറ്റിലൈസ് ചെയ്യാൻതക്ക വൈദഗ്ധ്യം വിദ്യാർത്ഥികൾ നേടിയെടുത്തു എന്നത് വളരെ സന്തോഷപ്രദമാണ്. ഇതിന് അവരെപ്രാപ്തരാക്കിയ അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനും അഭിനന്ദനങ്ങൾ.
ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് വടക്കാഞ്ചേരി ഗവ ഗേൾസ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.


സുമ കെ.കെ
പ്രധാന അധ്യാപിക

# ഉള്ളടക്കം


........................................................................ 1
........................................................................ 5
പ്രകൃതിക്കൊരു തണൽ........................................................ 6
എന്തിനു വേണ്ടി നീ.............................................................. 7
മഹത്‌വചനങ്ങൾ.................................................................. 8
പോർക്കളം........................................................................ 9
എൻ കിളി........................................................................ 10
സ്ത്രീ................................................................................ 11
ഓണക്കോടി...................................................................... 12
വിശപ്പിന്റെ ദൂരം.............................................................. 14
ഗാന്ധിജി.......................................................................... 15
പൊട്ടക്കണ്ണി..................................................................... 16
മരണം ............................................................................ 18
ശലഭം ............................................................................ 19
സൂര്യാസ്തമയം ................................................................ 20
ജവഹർലാൽ നെഹ്റു .....വചനങ്ങൾ .................................. 21
ചെറുകഥ ........................................................................ 22
ഞാനൊരു പാവം കറിവേപ്പില .......................................... 25
ഗുരുദക്ഷിണ .................................................................... 26
മോഡേൺ ടൈം - റിവ്യൂ ................................................... 27
ചിൽഡ്രൻ ഓഫ് ഹെവൻ - റിവ്യൂ ....................................... 28
കൗമാരവും ലഹരിയും ..................................................... 31
ചിൽഡ്രൻ ഓഫ് ഹെവൻ - റിവ്യൂ .......................................32
മാതൃഭാഷ നേരിടുന്ന വെല്ലുവിളികൾ ...............................33
വിദ്യാലയം ...................................................................... 34
എന്റെ നാട് .......................................................................36
തായ എന്ന പെൺകുട്ടി...................................................... 37

# പ്രകൃതിക്കൊരു തണൽ

വെട്ടിവീഴ്ത്തി ഒരായിരം വൃക്ഷങ്ങൾ
ഇടിച്ചുതകർത്തു കുലുങ്ങാത്ത മലകൾ
ജീവൻ വിതയ്ക്കും വിശാലമാം വയലുകളെ
നിരപ്പാക്കി നാശം വിതച്ചീടുന്നു മാനവൻ
അവിടം പണിതുയർത്തി ഫ്ലാറ്റുകളും മാളുകളും
വ്യവസായശാലയിൽനിന്നുദിച്ചുപൊങ്ങി മരണദൂതൻ
പ്രണവായുവിലും വിഷം കലർത്തീടുന്നു.
ജീവൻ നൽകീടും ജലത്തിൽപോലും നാം
മാലിന്യം നിറച്ചശുദ്ധിപടർത്തിയെങ്ങും
കൊടുംപാപികൾ നമുക്കീ ഭൂമിയല്ലാതഭയമുണ്ടോ?
ചിന്തിക്കുവിൻ തോഴരേ ഓരോ നിമിഷവും
ഈ ഭൂമിയെ നോവിച്ചിടുമ്പോൾ
ജലവും പ്രാണവായുവും മണ്ണും അന്നവും
നൽകി ഭൂമി അനുഗ്രഹിച്ചുനൽകിയീജീവിതം
വാത്സല്യം പൂണ്ടു പുഞ്ചിരിതൂകുമീയമ്മക്കു
നേരെ നാം ആയുധമേന്തുന്നതെന്തിന് ?
നമ്മൾ മാനവർ ഈ ക്രൂരത തുടരുകയെങ്കിൽ
ലോകം തീരുന്നതിനുമുമ്പേ മർത്ത്യൻ തീർന്നിടും
ഭൂമിദേവിയായുധമേന്തും മനുഷ്യവംശത്തിനന്ത്യംകുറിച്ചീടും.



വൃന്ദ സി വി

# എന്തിനു വേണ്ടി നീ?

എന്തിനു വേണ്ടി നീ
എന്തിനു വേണ്ടി നീ
അന്നവൾക്കു വേണ്ടി തൊഴിച്ചുവെന്നെ
ഇന്നവൾ മറ്റൊരുത്തന്റെ കൂടെ കിടക്കുമ്പോൾ
നീയൊറ്റക്കു നിന്റെ പായിൽ
അന്നവൾക്ക് വേണ്ടി തൊഴിച്ചുവെന്നെ
എന്നാൽ ഇന്നവൾക്ക് വേണ്ടി
നീ തൂങ്ങിയാടി
ഇന്നവൾക്കു വേണ്ടി നീ തൂങ്ങിയാടി

**ശ്വേത എം പി**



# മഹത്‌വചനങ്ങൾ

ചെന്നെത്തുന്നത് എവിടെയും ആകട്ടെ
സത്യത്തെ തന്നെ പിന്തുടരുക.......
ഭീരുത്വവും കാപട്യവും ദൂരെകളയുക......
(സ്വാമി വിവേകാനന്ദൻ)

ആദ്യം നിങ്ങളെ അവർ പരിഹസിക്കും ,
പിന്നെ പുച്ഛരിക്കും ,പിന്നെ ആക്രമിക്കും
എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം...
(മഹാത്മ ഗാന്ധി)



ദേവിക സി ആർ

# പോർക്കളം

കവർന്നെടുത്ത ജിവിതങ്ങൾ പ്രിയരും
പോയി പണവും പോയി ജീവൻ മാത്രം
അവശേഷിച്ചവർ ചിലർ
ഒരു ബോബ് തകർത്തതൊരായിരം
സ്വപ്നങ്ങൾചിന്നിചിതറികിടപ്പൂ
നിശ്ചലമായ് യുദ്ധം
വലിയ സന്തോഷനിമിഷങ്ങൾ
ജന്മനാട്ടിലും അഭയം തേടി അലഞ്ഞിവന്ന
സാധുജന്മങ്ങൾ
മരണം മുന്നിൽ കാണ്മു അന്നനിമിഷം
ഭയന്നുകഴിയുന്നൊരു ജനത
ഉണ്ണാൻ ഊണില്ല കുടിക്കാൻ ജലമില്ല ജീവനുവേണ്ടി
പിടയുന്നു മാനവൻ
ബോംബിൽ നിന്നും വെടിയുണ്ടയിൽനിന്നും
ജിവൻ രക്ഷിക്കാൻ പായുന്നു പാവങ്ങൾ
മാനവജീവിതമീ പോർക്കളത്തിലോരു കരിയില
പോലെ പാറിടുന്നു
അന്യർ തമ്മിലെ വാക്കുതർക്കങ്ങളിൽ
എരിഞ്ഞുതീരുന്നത് സാദുജീവിതങ്ങൾ
വരുവിൻ കൂട്ടരേ ലോകസമാധാനത്തിനായി
നമുക്കിന്നോരുനേരം പ്രാർത്ഥിച്ചിടാം
ഇനിയോരിക്കലുമോരുയുദ്ധമുണ്ടാകരുത്
ഇനിയോരിക്കലുമോരുകുടുംബമനാഥമാകരുത്
രക്തം ചീന്തുന്ന കണ്ണീർ മാത്രം നൽകുന്നയുദ്ധം
നമുക്കിനിയെന്തിത് ?



ശ്രീയ കെ ആർ

# എൻ കിളി

" ഒരുപാട് മോഹങ്ങളും സ്വപ്നങ്ങളും
എൻ മനസ്സിൽ നെയ്തിട്ട്
അവളെങ്ങോ പറന്ന് പോയി
ഓർത്തിരുന്നാൽ എൻ ജീവിതം-
പാഴായിപ്പോകവെ എങ്ങോ ........
പറന്ന് പോയെൻ കിളി
ഇനി വരുമെന്ന് കാത്തിരിക്കവെ
ആരോ പറഞ്ഞെൻ കാതിൽ
അവൾ വരികയില്ലെന്ന്......!
ഓർമ്മകൾ മാത്രം എൻകൂടെ
ഓർത്തിരുന്നു എൻ കിളിയെ....."



HUDA

# സ്ത്രീ

ജെന്നി റോസ്

വൃന്ദാവനത്തിലെ പൂക്കളെ നിങ്ങൾ
എന്തിനു വേണ്ടി വിടർന്നു നിങ്ങൾ
താരകതോണിയിൽ നീ വന്നു
താമര പൂവുമായ് നീ വന്നു
ഇതളുള്ള പൂക്കൾ
ഓരോന്നായ് ഓരോന്നായ് എറിഞ്ഞു തന്നു
നീലാകാശ താഴ് വരയിൽ
കുളിരും മാമല ചെരിവുകളിൽ
മാരിവില്ലിൻ വർണ്ണങ്ങളോടെ
ഞാൻ നിന്നെ കാണാനായ്
വിരുന്നു വന്നു......



# ഓണക്കോടി

ജെന്നി റോസ്



തിരുവോണത്തിന് മൂന്നു ദിവസം മുൻപേ അവൻ അമ്മയോട് ചോദിച്ചിരുന്നു.കൂട്ടുക്കാർ ഓണത്തിന് ഓണക്കോടി ഇടും എനിക്കും വാങ്ങിച്ചുതരുമോ എന്ന്,അമ്മ അവനോടു പറഞ്ഞു മോനും തിരുവോണത്തിന്  ഓണക്കോടിയിടാട്ടോ.അവൻ വീണ്ടും കൂട്ടുകാരൊത്തു കളിക്കാൻ പോയി.ആ അമ്മയുടെ മനസ്സിൽ ഇല്ലായ് മയുടെ തേങ്ങലിൽ മകന്റെ ഓണക്കോടി പലതവണ ഇടംപിടിച്ചു.

തിരുവോണദിവസം കൂട്ടുക്കാർ ഓണക്കോടിയും ഇട്ട് വന്നപ്പോൾ അവൻ ഓടി വീട്ടിൽ അമ്മയ്ക്ക് അരികിലെത്തി

മുഖത്തേയ്ക്ക് നോക്കി.എല്ലാം മനസ്സിലായ അമ്മ അവന്റെ മുഖത്തേക്ക് നിസ്സഹായതയോടെ നോക്കിയശേഷം വീടിന്റെ ഒരു മൂലയിൽ ഇരുന്ന ഇരുമ്പുപെട്ടി തുറക്കാൻ തുടങ്ങി.അവൻ അമ്മയുടെ അടുത്തിരുന്ന് പെട്ടിക്കുള്ളിലേക്ക് സന്തോഷത്തോടെ ഉറ്റുനോക്കി അമ്മ മുകളിലെ തുണികൾ ഓരോന്നായി എടുത്തുമാറ്റിതാഴെനിന്നും അമ്മ മുൻപ് എപ്പോഴോ ആരുടെയോ വീട്ടിൽ നിന്നും കൊണ്ടുവന്നു സൂക്ഷിച്ചുവെച്ച ഒരു പഴയ ബനിയൻ എടുത്തു അവനു കൊടുത്തു.വലുപ്പം കൂടുതലാണെങ്കിലും അവനത് ഇഷ് ട്ടപ്പെട്ടു.അവൻ അത് വേഗം ഇട്ടു നോക്കി പക്ഷേ അതിൽ ചില ചറിയ ഓട്ടകൾ അവൻ കണ്ടു ,പക്ഷേ അവനത് ഓണക്കോടി ആയിരുന്നു.ഇരുമ്പു പെട്ടിയിൽ നിന്നും താനെടുത്തു കൊടുത്ത ആ ബനിയനിട്ട് ഓടിപോയി കൂട്ടുകാർക്ക് കാണിച്ചുകൊടുക്കുന്ന മകന്റെ സന്തോഷം കണ്ട് ആ അമ്മയുടെ കണ്ണുകൾ ഈറനണിഞ്ഞു.

ഉച്ചയ്ക്ക്  ഓണസദ്യ ഉണ്ണാനായി,  പലപ്പോഴും അവന്റെ വിശപ്പിന് ശമനം തീർത്ത ആ വീട്ടിലേക്ക് അവൻ ആ ഓണ ക്കോടിയും അണിഞ്ഞ് നടന്നു. കൂടെ അവനെ കാത്തിരുന്ന മറ്റൊരു അമ്മയ്ക്ക് ഓണാശംസകൾ നേരുന്നു.......

# വിശപ്പിന്റെ ദൂരം

ജെന്നി റോസ്

വിശക്കുന്ന വയറുമായി അവൻ അന്നും സ്ക്കൂളിലേക്ക് യാത്രയായി. ക്ലാസിൽ ഇടയ് ക്കിടെ ആരും കാണാതെ അവൻെറ കൈകൾഒട്ടിയ വയറിൽതൊട്ടുനോക്കുമായിരുന്നു. വിശപ്പിൽ ഇല്ലാതാകുന്ന ശാരീരികാവസ്ഥകൾ എല്ലാം അവന്റെ മനസ്സിൽ തെളിഞ്ഞുവന്നു.


ഉച്ചഭക്ഷണസമയം കൂട്ടുക്കാർ എല്ലാവരും അവരവരുടെ ഭക്ഷണം എടുത്ത് കഴിക്കാനുള്ള തയ്യാറെടുപ്പ് ആയി. അവൻ ക്ലാസനു പുറത്തിറങ്ങി മെല്ലെ മെല്ലെ നടന്നു. അവൻ ഇടയ്ക്ക് പുറകിലേക്ക് തിരിഞ്ഞു നോക്കുമായിരുന്നു. അവന്റെ കാൽപ്പാട്ടുകളിലൂടെ വേറെ ആരെങ്കിലും വിശപ്പിൻെറ ദൂരം പിന്നിടുന്നവരുണ്ടോയെന്ന്, അവിടെ അവൻ ആരെയും കണ്ടില്ല.കുറച്ചുദൂരം നടന്നു തിരിച്ചു വരുമ്പോഴേക്കും ഭക്ഷണസമയം കഴിഞ്ഞിരിക്കും. വിശ പ്പിൻെറ ദൂരം ആഴ് ചയിൽ രണ്ടും മൂന്നും ദിവസം പിന്നീടുമായിരുന്നു.

ബാല്യംമുതൽ തുടരുന്ന വിശപ്പിന്റെ യാത്രകൾ ഇപ്പോഴും മെല്ലെ മെല്ലെ തുടർന്നുകൊണ്ടിരിക്കുകയാണ്.

ഇന്ന് അവന്റെ മാത്രമല്ല മറ്റുള്ളവരുടെ വിശപ്പിന്റെ ദൂരം കൂടി കുറയ്ക്ക്ന്നതിനായി.

# ഗാന്ധിജി

മിത്രഅൽഫോൻസ



വട്ടകണ്ണട വെച്ചിട്ട്
കൈയ്യിൽ വടിയും പിടിച്ചിട്ട്
വെള്ള വസ്ത്രം അണിഞ്ഞിട്ട്
നടന്നു വരുന്ന ഗാന്ധിയെ
നിങ്ങൾ കണ്ടോ.........
ഗാന്ധിയെ
നിങ്ങൾ കണ്ടോ.........

ഉപ്പുസത്യഗ്രഹത്തിൽ
മുന്നിൽ നിന്നു പ്രവർത്തിച്ച
ഗാന്ധിയെ
നിങ്ങൾ കണ്ടോ.........
ഗാന്ധിയെ
നിങ്ങൾ കണ്ടോ.........

ഗോഡ്സെ എന്നു പേരുള്ള
തീവ്രവാതിയുടെ വെടിയേറ്റ് മരിച്ച
ഗാന്ധിയെ
നിങ്ങൾ കണ്ടോ.........(3)

# പൊട്ടക്കണ്ണി

മീതു അൽഫോൻസ

ഒരു ഗ്രമത്തിൽ ഒരു അമ്മയും മകൻ ജിമ്മിയും താമസിച്ചിരുന്നു. ആ അമ്മക്ക് ഒരു കണ്ണിന് കാഴ്ച ഉണ്ടായിരുന്നില്ല.അതുകൊണ്ട് ജിമ്മിയെ സ്കൂളിൽ ഉള്ള എല്ലാവരും അവനെ പൊട്ടക്കണ്ണിയുടെ മകൻ എന്ന് വിളിച്ച് കളിയാകുമായിരുന്നു.അതിനാൽ മകന് അമ്മയോടുള്ള ദേഷ്യം ചെറുപത്തിൽ തന്നെ വളർന്നു വന്നു.കുറെ കാലങ്ങൾക് ശേഷം മകൻ വളർന്നുവലുതായി.ഒപ്പം അമ്മയോടു- ള്ള ദേഷ്യവും.

ഇപ്പോൾ ജിമ്മി ഒരു വലിയ കമ്പിനിയിൽ ഉദ്വേഗസ്ഥനാണ്.വിവാഹവും കഴിഞ്ഞു.ഒരു ദിവസം അമ്മ മകനെ കാണാനായി അവൻ താമസിക്കുന്നിടത്തേക്ക് എത്തി. അമ്മ വീടിന്റെ കതകിൽ മുട്ടി.ജിമ്മി ആയിരുന്നു കതക് തുറന്നത്.അമ്മയെ കണ്ടപ്പോൾ തന്നെ ജിമ്മി അമ്മയെ ദേഷ്യത്തിൽ നോക്കി പറഞ്ഞു:"നിങ്ങളെന്തിനാ തള്ളെ ഇപ്പോ ഇങ്ങോട്ട് കെട്ടി എടുത്തേ?.""എല്ലാവരെയും ഒന്നു കാണാം എന്നു കരുതി." അമ്മ വിഷമതാൽ തല താഴ്ത്തി."ഹും കാണാനാണത്രേ നിങ്ങൾ വന്നിടതെല്ലാം ഞാൻ നാണം കെട്ടിട്ടെ ഉള്ളു.ഇനിയും നാണം കെടുതാതെ നിങ്ങളൊന്നു പോയെ." ഇത്രയും പറഞ്ഞ് ജിമ്മി കതകടച്ചു. അകത്തു നിന്ന് ഭാര്യ ചോദിച്ചു "ആരാ ഏട്ടാ പുറത്ത്.""അത് ഏതോ ഒരു ഭിക്ഷക്കാരി ആണ്." മകന്റെ ഈ വാക്കുകൾ കൂടി കെട്ടപ്പോൾ അമ്മ ഹൃദയം തകരുന്ന വേദനയിൽ കണ്ണുനീരാൽ വീടിനു പുറത്തേകിറങ്ങി.

കുറച്ച് വർഷങ്ങൾകു ശേഷം ജിമ്മിയുടെ പഴയ സ്കൂളിൽ റിയൂണിയൻ ഉണ്ടായിരുന്നു.അതിനു പോയി വരുന്ന വഴിക്ക് തന്റെ വീട്ടിലേക്ക് കയറാം എന്ന് കരുതി വീടിന്റെ പടിക്കലെത്തി.വീട് ആകെ വൃത്തിഹീനമായിരുന്നു.

ആ സമയത്ത് അയൽവാസിയായ ചേച്ചി അടുത്തേക്ക് വന്ന് ചോദിച്ചു: "നീ ജിമ്മി ആണോ?""അതെ""നിങ്ങളിവിടെ എപ്പോഴെങ്കിലും വന്നാൽ ഈ കത്ത് ഏൽപ്പിക്കാൻ അമ്മ പറഞ്ഞിരുന്നു." ഇത്രയും പറഞ്ഞ് കത്ത് കൊടിത്തിട്ട് പോയി. ആ കത്ത് ഇങ്ങനെയായിരുന്നു:

"മകനെ നിനക്ക് സുഖമാണോ? എനിക്ക് നിന്നോട് ഒരുദേഷ്യവുംഇല്ല.സ്നേഹംമാത്രമേയുള്ളു.എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്,ഞാൻ ജന്മന പൊട്ടക്കണ്ണിയല്ല.നിനക്ക് ഓർമ്മയുണ്ടോ എന്നെനിക്കറിയില്ല.ചെറുപ്പത്തിൽ നീ കളിച്ചുകൊണ്ടിരിക്കുമ്പോൾ മരത്തിന്റെ ചില്ലകൊണ്ട് നിന്റെ ഒരു കണ്ണ് നഷ്ടപ്പെട്ടു.നിനക്ക് നഷ്ടപ്പെട്ട കണ്ണിന് പകരമായി എന്റെ ഒരു കണ്ണ് നിനക്ക് തരുകയായിരുന്നു.അങ്ങനെയാണ് ഞാൻ നിനക്ക് ഇഷ്ടമില്ലാത്ത പൊട്ടക്കണ്ണി അമ്മയായി മാറിയത്.ഏതൊരു അമ്മയും മകൾക്കു ചെയുന്ന പ്രവർത്തിയെ ഞാനും ചെയ് തുള്ളൂ. നിനക്ക് ദോഷം വരുന്ന ഒരു കാര്യവും ഞാൻ വിചാരിച്ചിട്ട് പോലുമില്ല.നിനക്ക് ഈ കത്ത് കിട്ടുമ്പോൾ ഞാൻ ഉണ്ടാക്കണമെന്നില്ല.എന്ന് അമ്മ."

മകന് സങ്കടം താങ്ങാനായില്ല.തന്റെ അമ്മയുടെ മരണത്തിന് ഉത്തരവാദി താനാണല്ലോ എന്ന് അയാൾ മനസ്സിലാക്കി.അനാഥമായ വീടിന് മുമ്പിൽ അയാൾ മുട്ടുകുത്തി കരഞ്ഞു.

--------------------

# മരണം

വരുമില്ലൊരിക്കലെന്ന് ആരോ
മൊഴിഞ്ഞൊരാ വിരുന്നുക്കാരൻ
വരവതും കാത്തിരിപ്പാൻ
നേരമില്ലെന്നെനിക്ക്

ചെയ്യു തീർക്കാൻ ഏറെയുണ്ടെനിക്ക്....
തണുത്ത രാവിൻ മറയത്ത് അറിയാതെ
വന്നെങ്കിലെന്ന് ഞാൻ ആശിച്ചുപോകവെ
നിദ്രതൻ പാതിവഴിയിലെവിടെയൊ കേട്ടു
ഞാൻ ആ പതിഞ്ഞ കാലടിയൊച്ചകൾ
പോകുവാൻ ആഗ്രഹമില്ലെങ്കിലും
തനിയെ പോയിതൻ ആകണം
ജീവിത യാത്രയിൽ നിന്നും ഞാൻ.

ഹുദ

# ശലഭം

"പൂവിനേ തേടി പൂൻതേൻ  തേടി
പാറി നടക്കും ശലഭമേ......!
എൻ മനസാകുന്ന
പൂൻതോട്ടത്തിൻ കവാടം
നിനക്കായ് തുറക്കുന്നു
എൻ കാത്തിരിപ്പിന്
വിരാമമായ്  നീ വരില്ലേ എൻ
ശലഭമേ..."

GOPIKA

# സൂര്യാസ്തമയം

എനിക്ക് ഏറ്റവും ഇഷ്ടമുള്ള പ്രകൃതിയിലെ ഒരു ദൃശ്യമാണ് സൂര്യസ്തമയം. കടലിൽ പോയിരുന്നു കൊണ്ട് സൂര്യാസ്തമയം കാണുമ്പോൾ എന്നിക്കെന്തെന്നില്ലാത്ത സന്തോഷവും അനുഭൂതിയുമാണ് ഉണ്ടാവാറുള്ളത്. അവിടെ ഇരുന്നുകൊണ്ട് ഏകാന്തതയിൽ ആഞ്ഞാടിക്കുന്ന കടൽകാറ്റിന്റെ മൂ ളലിൽ കടൽ തിരകളുടെ അലയടി ശ്ബദങ്ങളും കൂടിചേരുമ്പോൾ ആസംഗീതത്തിൽ ഒഴുകി നടക്കുകയാണ് എന്റെ മനസ്സ് . കടലു കാണാൻ വന്നവരിൽ കൂറേ ആളുകൾ സന്ധ്യാസമയം ആകുമ്പോഴേക്കും മടങ്ങുന്നു.പക്ഷേ ചില്ലർ സന്ധ്യസമയമാകുമ്പോൾ സൂര്യന്റെ സൗന്ദര്യം ആസ്വദിക്കാൻ അവിടെ തന്നെ നിൽക്കുന്നു. സൂര്യൻ കടലിന്റെ അടിതട്ടിലേക്ക് ഇറങ്ങുമ്പോൾ സൂര്യന്റെ മുകളിൽ നേരിയതായി ഒരു പച്ചനിറം കാണാൻ സാധിക്കും .അത് പെട്ടെന്ന് മറഞ്ഞുപോവുകയും ചെയ്യും .സൂര്യന്റെ ചുവന്ന പ്രകാശരശ്മികൾ ആകാശത്ത് ഒരു ചുവന്ന പരവതാനി വിരിച്ചതിന് തുല്യമായാണ് എനിക്ക് തോന്നാറുള്ളത്.ആ ചുവന്നനിറവും അതികം വൈകാതെ അപ്രത്യക്ഷമാകും .ഈ പച്ച നിറവും ചുവന്ന നിറവും മനുഷ്യന്റെ സുഖ ദുഃഖങ്ങളെ അടിസ്ഥാനമാക്കി പ്രകൃതി സൃഷ്ടിച്ച അത്ഭുതമാണെന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട് . കാരണം സുഖവും ദുഃഖവും ജീവിതത്തിൽ വന്നുപോയി കൊണ്ടിരിക്കും .ഒരു പക്ഷേ മനുഷ്യരേ ഇത് ഓർമ്മിപ്പിക്കാൻ വേണ്ടി പ്രകൃതി സൃഷ്ട്ടിച്ച ഒരു പ്രതിഭാസമായിരിക്കാം സൂര്യാസ്തമയം .

ഗോപിക ബി യു



# ജവഹർലാൽ നെഹ്റു വചനങ്ങൾ

മറ്റുള്ളവര നമ്മളെക്കുറിച്ച് ചിന്തിക്കുന്നതിനേക്കാൾ പ്രധാനം നമ്മൾ എന്താണെന്നുള്ളതാണ്

ഏറ്റവും വലിയ ഇരുമ്പുമറ സ്വന്തം മനസ്സിനു ചുറ്റും നാം പണിയുന്നതാണ്. ഒരു ജനതയുടെ കല അവരുടെ മനസിന്റെ യഥാർഥ കണ്ണാടിയാണ് നമ്മടെ മതമോ മതവിശ്വാസമോ എന്തുമാകട്ടെ നാമെല്ലാം ഒരു ജനതയാണെന്ന് നിരന്തരം ഓർമിക്കണം

രാജ്യത്തിന്റെ സേവനത്തിൽ പൗരത്വം അടങ്ങിയിരിക്കുന്നു

ആദർശങ്ങളും ലക്ഷ്യങ്ങളും തത്വങ്ങളും നാം മറക്കുമ്പോൾ മാത്രമാണ് പരാജയം സംഭവിക്കുന്നത്

അനന്യ എം എ

# ചെറു കഥ

അമ്മ മുഖത്ത് വെള്ളം തെളിച്ചപ്പോഴാണ് സമയം രാവിലെ 8:00 ആയി എന്ന് എറിഡ് തിരിച്ചറിയുന്നത്. ക്ലോക്കിലേക്ക് നോക്കിയ ശേഷം മറ്റൊന്നും ശ്രദ്ധിക്കാതെ അവൻ പകൽ കർമ്മങ്ങൾ ചെയ്യാൻ പോയി. ഇതേ സമയം അമ്മ അടുക്കളയിൽ തിരക്കിലാണ്. ഇപ്പോൾ സമയം 8:15.എറിഡ് തന്റെ ഒരുക്കങ്ങളെല്ലാം കഴിഞ്ഞ് അമ്മ തയ്യാറാക്കിയ രുചിയുള്ള ഭക്ഷണം കഴിക്കാനായി ഡൈനിങ്ങ് ടേബിളിൽ ഇരുന്നു. ഭക്ഷണവുമായി അമ്മയും എത്തി.ഇതേ സമയം തന്റെ അച്ഛൻ ഓഫീസിലേക്കുള്ള യാത്രക്ക് ഒരുങ്ങിയിരിക്കുകയാണ് . ഇന്നേരം എറിഡ് പറഞ്ഞു "ഹായ് എന്താലുക്ക് പപ്പാ ഇന്ന് ഓഫീസിൽ തിളങ്ങുമല്ലോ ....." തന്റെ മകന്റെ വാക്കുകൾ ആ അച്ഛനെഉത്സാഹിപ്പിച്ചു. അങ്ങനെ അവന്റെ സ്ക്കൂൾ ബസ്സ് മുറ്റത്തെത്തി . ബാഗും തൂക്കി അവൻ ബസ്സിൽ ഓടിക്കയറി .ഇനി അവന്റെ ക്യാരക്റ്റർ പറയട്ടെ സ്വന്തംവീട്ടിലുള്ളവരോടല്ലാതെ മറ്റാരോടും അവൻ കൂട്ടുകൂടാറില്ലായിരുന്നു.പിന്നെഅവൻതിരെപഠിക്കുകയില്ലായിരുന്നു.അങ്ങനെ യിരിക്കെ ഒരു ദിവസം ഗണിതപരീക്ഷ നടക്കുകയാണ്.തനിക്ക് ഒന്നും അറിയാത്തതുകൊണ്ട് ഉത്തരപ്പേപ്പറിൽ പടം വരച്ച് അതിനെ ഭംഗിയാക്കുകയാണ് . പെട്ടന്ന് പരീക്ഷ ഹാളിലെ സാർ അവന്റെ ഡസ്ക്കിൽ ഉച്ചത്തിൽ തട്ടി .ഞെട്ടിത്തരിച്ച് പോയ അവന് സങ്കടം വന്നു.

സാർ ചൂരൽ കൊണ്ട് അവനെ തല്ലി കൂടാതെ കുറെ ചീത്തയും പറഞ്ഞ് ക്ലാസ് മുറിയിൽ നിന്നും ഇറക്കിവിട്ടു. ഇതുക്കൂടിയായപ്പോൾ അവന് സങ്കടം സഹിക്കാൻആയില്ല.അവൻ പൊട്ടിക്കരഞ്ഞു. കരഞ്ഞുകൊണ്ട് വീട്ടിൽ ചെന്ന അവനോട് അമ്മ കാര്യം തിരക്കി ." മോൻ എന്തിനാ കരയുന്നേ ..."രണ്ടാം ക്ലാസ്സില് പഠിക്കുന്ന ആ കുട്ടിക്ക് അബദ്ധ വശാൽ പോലും സാറിന്റെ കയ്യില് നിന്നും അടി കിട്ടാത്ത തനിക്ക് ഇത്തരം അനുഭവം ഉണ്ടായപ്പോൾ അവന് സങ്കടം സഹിക്കാൻ ആയില്ലാ. അവൻ പൊട്ടിക്കരഞ്ഞ് കൊണ്ട് അമ്മയോട് പറഞ്ഞു "എനിക്ക ഒന്നും അറിയത്തത് കൊണ്ടാ ഞാൻ പേപ്പറിൽ ചിത്രം വരച്ചത് " ഒന്ന് നിർത്തികൊണ്ട് കല്ലച്ചുനിന്ന അവന്റെ കയ്യും നീട്ടി കൊണ്ട് തുടർന്നു "അതിന് സാർ  എന്നെ ചൂരല് കൊണ്ട് തല്ലി . പിന്നെ ചീത്ത പറയുകയും ചെയ്തു". വിതുമ്പലോട് കൂടിയ തന്റെ മകന്റെ വാക്കുകൾ ആ അമ്മയ്ക്കു സഹിക്കാനായില്ല.അമ്മയുടെ കണ്ണിൽന്നും വെള്ളം നിറഞ്ഞൊഴുകി .അങ്ങിനെ നേരം സന്ധ്യയായപ്പോൾ എറിഡിന്റെ അച്ഛൻ ജോലി കഴിഞ്ഞ് മടങ്ങി എത്തി.തന്റെ മകനുണ്ടായതെല്ലാം ചെറിയ സങ്കടത്തിൽ അമ്മ അച്ഛനോട് പറഞ്ഞു.കുട്ടികളല്ലേ ചെറിയ അടിയല്ലേ കിട്ടിക്കാണൂ.പേടിച്ചുപോയതാവുംഇത്രയുംപറഞ്ഞുകൊണ്ട്അച്ഛൻകിടന്നുറങ്ങി. ഇന്നേരംഎറിഡ് തന്റെ മുറിയിൽ അന്ന് തനിക്കുണ്ടായതിനെപ്പറ്റി ആലോചിച്ച് വിഷമിച്ചിരിക്കുകയാണ്.പെട്ടെന്ന് തന്റെ ജനലിന്റെ അടുത്ത് നിന്നും ചെറിയ തോതിൽ എന്തോ ശബ്ദം കേൾക്കുന്നു . എറിഡ് ജനലിനടുത്തേക്ക് ചെന്നു.ഭയം ഉണ്ടെങ്കിലും ധൈര്യം സംഭരിച്ച് കൊണ്ട് അവൻപുറത്തേക്ക്എത്തിനോക്കി."അയ്യോഇതൊരുപട്ടിക്കുട്ടിയാണല്ലോ"എറ

ിഡ് പറഞ്ഞു.അവൻ അതിനെ എടുക്കുവാനായി മുറിയിൽ നിന്നും പുറത്ത് വന്നു.അമ്മയും അച്ഛനും  നല്ല ഉറക്കത്തിലാണ്.അവൻ മെയിൻ ഡോറ് തുറന്ന് പുറത്തിറങ്ങി.എന്നിട്ട് പട്ടിക്കുഞ്ഞ് കിടന്നിരുന്ന സ്ഥലത്തേക്ക് നടന്നു.അവിടെ അതാ ചാലിലേക്ക് വീഴാനെന്ന വണ്ണം ആ പട്ടിക്കുട്ടി കിടക്കുന്നു.അവൻ ഓടിചെന്ന് അതിനെ വാരിയെടുത്തു.ആകാംഷയോടെ അവൻ അതിനെ നോക്കി കണ്ണു മിഴിക്കാത്ത ചെറിയ ഒരു പട്ടിക്കു-ട്ടി. അതിന്റെ അമ്മയ്ക്ക് അതിനെ തിരിച് നൽകാനായി അവൻ അമ്മപട്ടിയെ അന്വേഷിച്ചു.കൂരാകൂരിരുട്ടി കുറച്ച് നടന്ന് നീങ്ങിയപ്പോഴേക്കും അതാ റോഡ് സൈഡിൽ അമ്മപട്ടി അസുഖം ഭാധിച് മരണമാസന്നയായി കിടക്കുകയാണ്.തന്റെ കുഞ്ഞിന് ആ അവസ്ഥ വരാതിരിക്കാൻ വേണ്ടിയാണ് ആ പട്ടി അതിനെ തന്റെ അടുത്ത് നിന്നും അകലം പാലിച് കിടത്തിയത് ഇത് കണ്ട എറിഡിന് വല്ലാത്ത സഹതാപം തോന്നി.അവൻ ആ പട്ടിക്കുട്ടിയെ അമ്മയുടെ അടുത്ത് കൊണ്ട് പോയി എങ്കിലും ആ പട്ടി തനിക്ക് അസുഖം ഉള്ളത് കൊണ്ട് അതിന്റെ അടുത്തേക്ക് അവരെ അടുപ്പിച്ചില്ല.രണ്ട് മിനിട്ട് ശേഷം ആ പട്ടി മരണമടഞ്ഞു.ഈ കാഴ്ച അവനിൽ വല്ലാത്ത മാറ്റമുണ്ടാക്കി.അവന്റെ മനസ്സിൽ ആ കുഞ്ഞിന് തന്റെ അമ്മയിൽ നിന്നും കിട്ടാത്തതെല്ലാം നൽകണം എന്ന് തോന്നി.എറിഡ് അതിനെ കൊണ്ട് പോയി തന്റെ മുറിയിൽ കൊണ്ട് കിടത്തി അവനും ഉറങ്ങി.പിറ്റേന്ന് തന്റെ അമ്മയുടെ നിലവിളി കേട്ടാണ് അവൻ ഉണരുന്നത്.നോക്കുമ്പോൾ തന്റെ തലയണയിൽ കിടന്നുറങ്ങുകയാണ് ആ പട്ടിക്കുട്ടി. എറിഡ് അമ്മയെ സമാധാനിപ്പി ച്ചുകൊണ്ട് നടന്നതെല്ലാം അമ്മയോട് വിശദീകരിച്ചു.അമ്മയ്ക്ക് അതിനോട് സഹദാപം തോന്നി.അമ്മ അതിനെ കയ്യിലെടുത്ത് മുഖത്തേക്ക് നോക്കി.ഭംഗി നിറഞ്ഞ ആ മുഖം അമ്മയിൽ സന്തോഷം നൽകി.ഇതെല്ലാം കണ്ടു കൊണ്ട് നിന്ന അച്ഛനും അതിൽ അംഗമായി.അങ്ങിനെ അവർ ആ പട്ടിയെ പരിപാലിച് കൊണ്ട് വന്നു.കുറച്ച് ദിവസങ്ങൾ കഴിഞ്ഞു ആ പട്ടിക്കുട്ടി കണ്ണുകൾ തുറന്നു.എറിഡിന്റെ അടുത്തേക്ക് നടന്നുപോയി അവന്റെ മുഖത്തേക്ക് നോക്കി ഇരുന്നു.ഇന്നേരം അവൻ  അമ്മയെ വിളിച് കൊണ്ട് വന്ന്. അത് കാണിച് കൊടുത്തു. അവന് അന്ന് സ്കൂളിൽ പോകാനേ തോന്നിയില്ല.പക്ഷേ അമ്മയുടെ നിർബന്ധം കാരണം.വിഷമം കൊണ്ട് സ്കൂളിൽ പോയി.എറിഡ് സ്കൂളിൽ പോകുന്നതും നോക്കി വിഷമിച് നിൽക്കുകയാണ് പട്ടിക്കുട്ടിയും.അമ്മയുണ്ടാക്കിയ രുചിയുള്ള ആഹാരമെല്ലാം അവൻ തിന്നുമായിരുന്നു.ഉച്ചഭക്ഷണം കഴിഞ്ഞ് കിടന്നുറങ്ങി കുറച്ച് കഴിഞ്ഞപ്പോൾ എറിഡിന്റെ സ്കൂൾ ബസ്സ് വന്നു.സ്കൂൾ ബസ്സിന്റെ ശബ്ദം കേട്ടതും പട്ടിക്കുട്ടി പുറത്തേക്ക് ഓടിപ്പോയി.അതിനെ കണ്ട് ബസ്സിലെ കുട്ടികളെല്ലാം എറിഡിനോട് "പട്ടിക്കുട്ടി നിന്റെയാണോ"എന്ന് ചോദിച്ചു.അവൻ "അതെ" എന്ന് തലയാട്ടി. കുട്ടികൾക്കെല്ലാം അതിനെ വളരെ ഇഷ്ടമായി.അവരുടെ ചോദ്യത്തിന് ഉത്തരം നൽകിക്കൊണ്ട് മനസ്സിൽ സന്തോഷം നിറച് കൊണ്ട് അവൻ അതിനെ കയ്യിലെടുത്തു. എന്നിട്ട് അമ്മോട് പറഞ്ഞു "അമ്മേ....നമുക്കിതിനെ 'പട്ടിക്കുട്ടി' 'പട്ടിക്കുട്ടി' എന്ന് വിളിച്ചാൽ മതിയോ?

ഗൗരവമുള്ള ഒരു പേരിടണ്ടേ " അമ്മയും തലക്കുലുക്കി.അവർ അതിന് 'Ballet' എന്ന് പേരിട്ടു.എറിഡ് അവനെ സ്നേഹത്തോടെ ബെൽ എന്ന് വിളിക്കും.അവർ രണ്ടുപേരും തമ്മിലുള്ള ആത്മവിശ്വാസം പറഞ്ഞറിയിക്കാനാവുന്നതിലുമപ്പുറമായിരുന്നു.അമ്മ അവനോട് പഠിക്കാൻ പറയുമ്പോൾ അവൻ അനുസരിക്കാതിരുന്നാൽ ബെൽ വന്ന് അവന്റെ പാന്റിൽ കടിച്ച് വലിച്ച് കൊണ്ട് വന്ന് ടേബിളിൽ ഇരുത്തുമായിരുന്നു.എന്നിട്ട് അവന് പഠിക്കാനായി ബെൽ ബുക്കും എടുത്ത് കൊടുക്കും. വൈകുംന്നേരങ്ങളിലല്ലതെ അവനെ അമ്മ കളിക്കാൻ വിടാറില്ല.അത് കൊണ്ട് ബെൽ അവനെ വൈകുംനേരമല്ലാത്ത സമയങ്ങളിൽ പഠിക്കാൻ വേണ്ടി നിർബന്ധിച്ചിരുന്നു.അങ്ങിനെ അവൻ പഠിക്കാൻ തുടങ്ങി പതുക്കെ പതുക്കെ ബെല്ലിന്റെ നിബന്ധം കാരണം പഠിച്ച് പഠിച്ച് അവൻ സ്ഥാനത്തെത്തി.സ്റ്റേജിൽ റാങ്ക് ലിസ്റ്റിൽ അവന്റെ പേര് കണ്ട കണക്ക് സാർ പുഞ്ചിരിച് കൊണ്ട് അവനെ സ്റ്റേജിലേക്ക് വിളിച്ചു.എന്നിട്ട് മൈക്ക് അവന്റെ കയ്യിൽ കൊടുത്ത് കൊണ്ട് രണ്ട് വാക്ക് സംസാരിക്കാനായി ആവശ്യപ്പെട്ടു.അവൻ മൈക്ക് വാങ്ങി പറഞ്ഞ് തുടങ്ങി. "ഞാൻ....ഞാൻഇങ്ങനെയൊന്നുമല്ലായിരുന്നു.പണ്ട് ഞാൻ പരീക്ഷപ്പേപറിൽ ചിത്രം വരച്ചതിന് ഈ കണക്ക് സാർ എന്നെ കണക്കിന് തല്ലിയിട്ടുണ്ട്.ആ കണക്ക് സാർ ഇന്ന് എന്നെ പേര് വിളിച്ച് കൊണ്ട് സ്റ്റേജിൽ നിർത്തി സംസാരിക്കാൻആവശ്യപ്പെട്ടപ്പോൾഎനിക്ക്....എനിക്ക്"അവന്വാക്കുകളില്ലാ യിരുന്നു.അവന്റെ കണ്ണിൽനിന്നും ആനന്ദക്കണ്ണീർ ഒഴുകി.ഇന്നേരം തന്റെ ഉറ്റ സുഹൃത്തിന് സമ്മാനം കിട്ടുന്നത് കാണാൻ ബെൽ ഓടിയെത്തി.അവനെ കണ്ട എറിഡ് ധൈര്യം സംഭരിച്ച്കൊണ്ട് വിതുമ്പികൊണ്ട് തുടർന്നു "എനിക്ക് ഒരു ചാലിന്റെ ഓരത്ത് നിന്നും കിട്ടിയതാണ് ആ നിൽക്കുന്ന എന്റെ പട്ടിക്കുട്ടി 'ബെൽ' അവൻ കാരണമാണ് ഇന്ന് ഞാൻ ഈ സ്റ്റേജിൽ നിൽക്കുന്നത്.ആശ്ചര്യത്തോട് കൂടി അധ്യാപകരും വിദ്യാർത്ഥികളും മാതാപിതാക്കളും കാത് കൂർപ്പിച്ചു." ബെല്ലിന്റെ അമ്മ അന്ന് രാത്രി അസുഖം ബാധിച്ച് മരിച്ച് പോയി.എന്റെ പഠിപ്പ് കഴിയാതെ അവൻ എന്നെ കളിക്കാൻ വിടുമായിരുന്നില്ല.ബെൽ കാരണമാണ് ഞാൻ ഇന്ന് ഇവിടെ നിൽക്കുന്നത്.അവൻ ഇല്ലായിരുന്നെങ്കിൽ....."അവൻ വിങ്ങിപ്പൊട്ടി കരയാൻ തുടങ്ങി.ഇത് കണ്ട് തന്റെ സങ്കടം അടക്കാനാകാതെ ബെൽ സ്റ്റേജിൽ ഓടിക്കയറി എറിഡിന്റെ പോക്കറ്റിൽ നിന്നും ടൗവ്വൽ എടുത്ത് അവന് നേരെ നീട്ടി.സന്തോഷം കൊണ്ട് അവൻ അത് വേടിച്ച് കണ്ണുനീരൊപ്പി.ഇരുവരും കെട്ടിപ്പിടിച്ച് നിന്ന് കരഞ്ഞ് പോയി.ബെല്ലിന്റെ കണ്ണിൽ നിന്നും ഒരു ഭാഗത്ത് തന്റെ ഉറ്റ സുഹൃത്ത് താൻ കാരണം തിളങ്ങാനായതിന്റെ സന്തോഷം മറു ഭാഗത്ത് തന്റെ അമ്മ മരിച്ച് പോയ സങ്കടം കാരണം അവന്റെ കണ്ണിൽ നിന്നും വെള്ളം ഒഴികി. ഈ കാഴ്ചകളെല്ലാം കണ്ട് കൊണ്ടിരുന്ന എല്ലാവരും അത്ഭുതം കൊണ്ട് കരഞ്ഞ് പോയി.ശേഷം എറിഡിന് സാർ സമ്മാനം നൽകി അവർ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങുകയാണ്.ഇപ്പോൾ രണ്ടുപേരും സന്തുഷ്ടരാണ്.ഇന്നേരം എറിഡ് മനസ്സിൽ അവസാന വാക്കുകൾ കൊണ്ടു വന്നു."മിണ്ടാപ്രാണിയായ ഒരു മൃഗത്തിന്റെ താങ്ങ് കാരണമാണ് ഇന്ന് ഞാൻ ഈ നിലയിൽ എത്തിയത്.കൂടെ അമ്മയും അച്ഛനും ഒരു പോലെ നിന്നത് കൊണ്ടും എന്ത് വന്നാലും ഇനി ഞാൻ ബെല്ലിനെ കൈവിടില്ല."അങ്ങനെ അവർ വീട്ടിലെത്തി.ഇരുവരും മാതാപിതാക്കളോട് സന്തോഷം പങ്കുവെച്ചു.അവർക്ക് വളരെ അഭിമാനം തോന്നി.'പുറകിൽ നിൽക്കുന്ന നമ്മളെ മുമ്പിലോട്ട് തള്ളിവിടാൻ ഒരാളുണ്ടായാൽ മതി ആർക്കും എങ്ങിനെയും നന്നാവും..'

## ഞാനോരു പാവം കറിവേപ്പില

കറിയിലേക്കെടുത്തിട്ടു
നിങ്ങളെന്നെ
ഞാനില്ലേൽ കറിയൊന്നു
മുണ്ടാവില്ലത്രേ
വിളമ്പുകാരിലൂടെ
വിളമ്പിത്തന്നു വിരുന്നുകാരൊക്കെ
നിരന്നു നിന്നു
തിന്നിലൊരിക്കലും
ഞാനൊന്ന
കറിവേപ്പിലയെ
വെറു കറിവേപ്പിലയായതുകാരണം
അയൽ വീട്ടിൽ കറിവച്ചാൽ
അറിയുമ്മയൽക്കാരും
ഞാനൊരുകറിവേപ്പിലയായകാരണം
ഇനിയും മരിക്കുന്നു നിങ്ങൾ തൻ
കറിയിലേക്കെടുത്തു ചാടി
ഞാനൊരു കറിവേപ്പിലയിന്ന്....!?



സിമി സാജൻ

# ഗുരുദക്ഷിണ

ഗുരു ദക്ഷിണ
കൊടുത്തില്ലൊരിക്കലും
ഗുരുവിന്നു ദക്ഷിണ
വെറ്റലയുമടക്കയും
ഇല്ലാത്തകാരണം
പെരുവിരൽ
നൽകുവാനൊരു
എകലവ്യനല്ലാത്ത
കാരണം
ഏകനായ്
നൽകുന്നെൻ
ഗുരുവിന് ഞാനെന്ന
ഗുരുദക്ഷിണയിന്ന്
സ്വീകരിച്ചാലെും



അലീന അജോ

# മോഡേൺ ടൈം

ലിയ ഫാത്തിമ പി എം

ചാർളി ചാപ്ലിൻ സംവിധാനം ചേയ്റ്റ് രസകരമായ ഒരു ചലച്ചിത്രമാണ് "മോഡേൺ ടൈം ".ചാർളി ചാപ്ലിൻ തന്നെയാണ് പ്രധാന കഥാപാത്രത്തെ കൈകാര്യം ചെയ്തിരിക്കുന്നത്.

ഒരു ഫാക്ട്റിയിൽ ജോലിചെയ്യുകയാണ് നായകൻ.അവിടെ ജോലിയിൽ ഉപകരണങ്ങൾ നശിപ്പിച്ചും അത് ഉപയോഗശൂന്യമാക്കി മറ്റ് ജോലിക്കാർക്കും ഫാക്ടറി ഉടമയ്ക്കും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അതിനാൽ ഫാക്ടറിയുടമ നായകനെ ഭ്രാന്താശുപത്രിയിലാക്കുന്നു.ആഴ്ചകൾക്ക് ശേഷം ആശുപത്രി വിട്ട്ഇറങ്ങിയ നായകൻ താൻ അറിയാതെ ചെയ്റ്റ് മണ്ടത്തരങ്ങൾകാരണം അടിക്കടി ജയിലിലേക്ക് പോകേണ്ടിവരുന്നു. ഇതിനിടയിൽ കണ്ടുമുട്ടിയ ഒരനാഥ പെൺകുട്ടിയുമായി നായകൻസൗഹൃദത്തിലാകുന്നു.ഇരുവരും ഒന്നിച്ച് ജീവിക്കാൻ തീരുമാനമെടുക്കുന്നു. ഒരു ജോലിക്കായി ഇരുവരും ശ്രമം നടത്തുന്നു ഇതിനിടയിൽ നായകൻ വീണ്ടും ജയിലിലേക്ക് പോകുന്നു.ഇതേ സമയം നായികയ്ക്ക് ഒരു കഫേയിൽ നൃത്തം ചെയ്യുന്ന ജോലി ലഭിക്കുന്നു.അവൾ ആഴ്ചകൾക്ക് ശേഷം പുറത്തിറങ്ങിയ ചാർളി ചാപ്ലിനെ കാണാൻ ചെലുകയും പിന്നെ അവനും ഒരുജോലി നൽകാൻ കഫേയുടെ മുതലാളിയോട് ആവശ്യപ്പെടുന്നു.അങ്ങനെ ഈ ആധുനിക ലോകത്തിന്റെ പ്രയാസങ്ങളുമായി അവർ പൊരുത്തപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നു.

ആധുനിക ലോകത്ത് ജീവിക്കാൻ കഷ്ട്പ്പെടുന്ന രണ്ട് അനാഥരുടെ കഥയായ മോഡേൺ ടൈം ഏതൊരു മനുഷ്യനെയും ചിരിപ്പിക്കാനും ചിന്തിപ്പിക്കാനും കഴിയുന്ന ഒന്നാണ് ഹാസ്യ രൂപത്തിലൂടെ നമുക്ക് വളരെ മഹത്തായ പാഠങ്ങളാണ് ഈ സിനിമ നൽകുന്നത്

# ചിൽഡ്രൺ ഓഫ് ഹെവൻ

സംവിധാനം - മജീദ് മജീദി
എഴുത്തുക്കാരൻ - മജീദ് മജീദി
നിർമ്മാണം -അമീർ എസ്ഫാൻദിയാരി,മുഹമ്മദ് എസ്ഫാൻദിയാരി
അഭിനയം -മുഹമ്മദ് അമീർ നാജി
അമീർ ഫറോക്ക്
ഹാഷെമിയൻ
ബഹാറെ സിദ്ധിക്കി
ഛായാഗ്രഹണം-പർവിസ് മലെക്ക്സാധ്
എഡിറ്റർ -ഹസ്സൻ ഹാസാൻഡ്ഊസ്റ്റ്
സംഗീതം -കെയ്യാൻ ജഹാൻ ഷായ്
നിർമ്മാണ കമ്പനി -ദി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഇൻഡെലെക്ക്ച്ച്വൽ ഡെവലപ്പ്മെൻ്റ് ഓഫ് ചിൽഡ്രൺ ആൻഡ് യംഗ് അഡൽട്ട്സ്
വിതരണം -മൈക്രോമാക്സ് ഫിലിംസ്
പുറത്തിറങ്ങിയ ദിവസം -ഫെബ്രുവരി 1997
രാജ്യം -ഇറാൻ

ഭാഷ          -പേർഷ്യൻ

## റിവ്യൂ :

മജീദ് മജീദി രചിച്ച മനോഹരമായ സിനിമാകഥയാണ് "സ്വർഗ്ഗത്തിലെ കുട്ടികൾ". ഈ സിനിമയിലെ കേന്ദ്രകഥാപാത്രമാണ് അലി (ഒമ്പത് വയസ്സ്) , സാറാ (ആറ് വയസ്സ്) . അലി അനിയത്തിയുടെ ഷൂസ് നന്നാക്കി കൊണ്ട് വരികയായിരുന്നു. ഒരു ഉന്തുവണ്ടിക്കാരൻ ആ ഷൂസ് കൊണ്ടുപോയി.അലിയുടെ ഒരു ദരിദ്ര കുടുംബമാണ്. അതുകൊണ്ട് പുതിയ ഷൂസ് വാങ്ങാൻ സാധിക്കില്ല.ഒരു ജോഡി ചെരുപ്പ് കൊണ്ട് അവർ രാവിലെയും വൈകുന്നേരവും മാറി ഇട്ടുമായിരുന്നു. അലി ക്ലാസ്സിൽ ഒന്നാമനായിരുന്നു.അവന് ടീച്ചർ ഒരു സ്വർണ്ണനിറമുള്ള പേന സമ്മാനമായി നൽകി. അലി അത് സാറയ്ക്ക് നൽകി .അവൾ അവളുടെ ഷൂസ് റോയയുടെ പക്കൽ കണ്ടു. റോയയുടെ പിതാവ് അന്ധനാണെന്ന് അറിഞ്ഞതോടെ അവർ ഒന്നും പറഞ്ഞില്ല. അലി പിതാവിനോടൊപ്പം ജോലിക്ക് പോകുന്നു. അവിടെ ഫൂട്ട് റേസ് കാണുകയും മത്സരിക്കുകയും ചെയ്യുന്നു.മൂന്നാം സമ്മാനം ഒരു

ജോഡി സ്ലിക്കേഴ്സാണ്. പക്ഷേ അവൻ ഒന്നാമതായി . വീട്ടിൽ എത്തിയപ്പോൾ അമ്മ സാറയ്ക്ക് ഒരു ജോഡി വെള്ളയും ഒരു ജോഡി പിൻക്ക് ഷൂസും നൽകി. അലിയുടെ സ്ലിക്കേഴ്സ് കീറിയിട്ടുണ്ടായിരുന്നു.

ടെഹ്റാനിലെ ഒരു ദരിദ്ര വിഭാഗത്തിൽ ഉള്ള ഒരു സഹോദരൻ റ്റെയും സഹോദരിയുടെയും കഥയാണിത്. ദാരിദ്രത്തിൻെറ്റ നടുവിൽ ഈ സിനിമ ജീവിതം , സ്നേഹം ,കുടുംബം, സ്ഥിരോത്സാഹം ,സഹാനുഭൂതി എന്നിവയെ സ്ഥിരീകരിക്കുന്നു.

അനുശ്രീ . എ .ആർ

# കൗമാരവും ലഹരിയും

ദേവിക സി.ആർ

ഞാൻ ജന്മം നൽകിയ എന്റെ മകൻ ഇന്ന് ആസ്വാദിക്കുന്നകൗമാരം കാണാൻ ഭയാനകമാണ്. ഇതിനിടയിൽ ഞാനെന്റെകൗമാരക്കാലം ചിന്തിച്ചു പോവുന്നു.

എത്രയോ ദൂരങ്ങളോളം നടന്ന് വഴിയിൽ തോടുകളും വയലുകളും ചോളത്തിന്റെ ഇളംതണ്ടിന്റെ മധുരം ആസ്വദിച്ച് വായതോരാതെ സംസാരിച്ച് കൂട്ടുകാരുമായി കളിച്ചുല്ലസിച്ച് വിദ്യാലയത്തിലേക്ക് പോകുന്നു,എന്നാൽ ഇതെല്ലാം ഓർക്കുമ്പോൾ ഇന്നത്തെ തലമുറ ചെയ്യുന്നത് എന്താണ് എന്ന് മനസ്സിലാക്കുന്നില്ല.അവരുടെ പെരുമാറ്റരീതിയും സ്വഭാവവും എപ്പോഴും മാറിക്കൊണ്ടിരിക്കും അവരെല്ലാം എപ്പോ എന്ത് പറയുമെന്ന് പോലും ഒരുനിശ്ചയവുമില്ല. ഇതിനെല്ലാം കാരണമായി കുട്ടികൾക്കിടയിൽ ഇന്ന് ലഹരിയാണ് തിളങ്ങിനിൽക്കുന്നത്.ഒന്ന് ഉപയോഗിച്ച് നോക്കാം എന്ന് രുചിച്ച് വല്ലരും പീന്നിട് അവർക്ക് അതില്ലാതെ പറ്റാത്ത അവസ്ഥയാവുകയാണ് അത് ഉപയോഗിച്ച് കഴിഞ്ഞാൽ അവർ എന്താണ് ചെയ്യുന്നത് എന്ന് അവർക്ക് ബോധം ഉണ്ടാവില്ല.ചില്ലപ്പോൾ ഇതെല്ലാം ഉപയോഗിച്ച് വീട്ടിലെത്തിയാൽ അമ്മയെയും സഹോദരങ്ങളെയും മായിരിക്കും ലഹരിയാക്കുന്നത്. അത്രയ്ക്കും മാറിക്കൊണ്ടിരിക്കുകയാണ് ഇന്നത്തെ സമൂഹം....

# ചിൽഡ്രൻ ഓഫ് ഹെവൻ

മജീദ് മജീദി സംവിധാനം ചെയ്ത ' ചിൽഡ്രൻ ഓഫവൻ ' എന്ന് സിനിമ ഏവരുടേയും
ഹൃദയത്തിൽസ്പർശിക്കുന്ന ഒന്നാണ്.രണ്ട് സഹോദരങ്ങളുടെ
കഥയാണിത്.കുട്ടികളുടെ മാത്രമല്ല
മുതിരന്നവരുടെയും മനംകവരാൻ ഈ ചിത്രത്തിന്
കഴിഞ്ഞിട്ടുണ്ട്.ദുഃഖം നിറഞ്ഞ സീനിൽ തുടങ്ങി
സന്തോഷത്തിൽ അവസാനിക്കിന്ന ഒരു മനോഹര-
മായ ചിത്രമാണത്.

സെഹ്റയും അലിയും രണ്ട് സഹോദരികളാണ്
തന്റെ അനിയത്തിയുടെ ഷൂസ് തയ്ക്കാൻ കൊടുത്തത്
വാങ്ങി വരും വഴി അല്ലിയുടെ കൈയിൽ നിന്നും
അത് നഷ്ടമാകുന്നു.ഷൂസ് ഇല്ലാതെ അവൾക്ക് സ്കൂ-
ളിൽ പോകാനുമാവില്ല.ഇരുവരും കൂടി ഒരു തീരുമാനം
എടുത്തു ചേട്ടന്റെ ഷൂസ് രാവിലെ അനുജത്തി ഇട്ട്
പോവുന്നു ഉച്ചയ്ക്ക് ക്ലാസുള്ള ചേട്ടൻ ഉച്ചയ്ക്ക് അനുജത്തി
വരുമ്പോൾ തന്റെ ഷൂസ് വാങ്ങി ധരിച്ച് പോകുന്നു.
ഈ ക്രമീകരണം നടത്താൻ അവർക്ക് ബുദ്ധിമുട്ട്
ഉണ്ടാക്കുന്നു.ഇതെല്ലാം മറികടന്ന് അവർ മുന്നോട്ട്
പോകുന്നു.സ്ക്രൂളിൽ ഒരു ഓട്ട മത്സരം നടക്കാൻ
പോകുന്ന വിവരം അലി ശ്രദ്ധിക്കുന്നു അതിൽ മൂന്നാംസമ്മാനം ഒരു ജോഡി ഷൂസാണ് ഇത്
അറിഞ്ഞ അലി
തന്റെ സഹോദരിക്കായി ആ മത്സരത്തിൽ പങ്കെടുക്കു-
കയും വിജയിച്ച് അവൾക്ക് ഷൂസ് നൽകുകയും ചെയ്യുന്നു

വളരെ മനോഹരമായി തന്നെ ഈ കഥയെ
അവതരിപ്പിക്കാൻ അഭിനയിതാക്കൾക്ക് കഴിഞ്ഞിട്ടു-
ണ്ട്.ആരുടെയും കണ്ണ് നനയിപ്പിക്കുന്ന മനസ്സ് നിറയി-
ക്കുന്ന ഹൃദയ സ്പർശിയായ ചലച്ചിത്രമാണ്

'ചിൽഡ്രൻ ഓഫ് ഹെവൻ' ദരിദ്രരായ അച്ഛനെ-
യും അമ്മയെയും സഹായിക്കാൻ ആ മക്കൾ നടത്തു-
ന്ന ശ്രമങ്ങൾ ഏറെ മനോഹരമായി ഈ ചിത്രത്തിൽ
കാണിക്കുന്നു.

ഹഫ്സ ഇ.എ

# മാതൃഭാഷ നേരിടുന്ന വെല്ലുവിളികൾ

ഇന്ന് മലയാളികൾ മലയാളഭാഷയെമറന്നു കൊണ്ടിരിക്കു കയാണ്. സ്വന്തം മാതൃഭാഷയെ മറന്ന് പാശ്ചാത്യഭാഷകൾക്ക് പ്രാധാന്യം നൽകുന്നമലയാളികൾ ഇന്നു ഏറി വരുന്നു. മാതൃഭാഷയെ തന്റെപെറ്റമ്മയായികാണാൻ മടിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ഇന്നു ജീവിക്കുന്നത് പണ്ട് കാലങ്ങളിലൽ മലയാളഭാഷ പെറ്റമ്മതൻ ഭാഷയായി കാണുന്നു.നാടൻപാട്ടുകളും താരാട്ടുപാട്ടുകളും പഴമയിലലിയുന്ന പുള്ളുവൻപാട്ടുകളുംകൊണ്ട് സമ്പന്നമായ മലയാളഭാഷയെ ഇന്നത്തെ സമൂഹം മറക്കുന്നുമലയാളം സംസാരിക്കാൻ പാടില്ലാത്ത വിദ്യാലയങ്ങളും സ്ഥാപനങ്ങളുംനമ്മുടെ നാട്ടിൽ ഏറിവരുന്നു. മലയാളത്തെ അറിഞ്ഞു ജീവിക്കണം മലയാളം അവരുടെ മാതൃഭാഷയാണെന്ന് പഠിപ്പിച്ചു വളർത്താൻ മാതാക്കൾക്ക് കഴിയണം. മാതൃഭാഷയെ പെറ്റമ്മയായി കാണാൻ ഏവർക്കും കഴിയണം.

റയ്യാൻ ഐഷ .കെ

# വിദ്യാലയം

ഒരു വിദ്യാർത്ഥി ജീവിതത്തിൽ ഏറ്റവും സന്തോഷിക്കുന്നതും മനോഹരമായി സംസാരിക്കുന്നതും വിദ്യാലയ ജീവിതത്തിലാണ്.അവിടെ നിന്നും പഠിക്കുന്നതാണ് പിന്നീട് അവരുടെ ജീവിതംതീരുമാനിക്കുന്നത്.അവിടെ നിന്നും പഠിക്കുന്ന പാഠങ്ങളാണ് പിന്നീടുള്ള അവരുടെ ജീവിതത്തെ പ്രതിപതിക്കുന്നത്.പല രുചിക്കൾ വിളമ്പുന്ന കൈകൾ ഏതാണെന്നോ ആരുടെ ആണെന്നോ നമ്മൾ ചോദിക്കുന്നില്ല അറിയുന്നില്ല ഒന്നുമില്ല.

ജീവിതമെന്ന വിശാലമായ പാതയിൽ ഓരോ കാൽപാത്രം വെക്കുമ്പോഴും നാം എടുക്കുന്ന ഒരോ തീരുമാനവും എന്റെ വിദ്യാലയത്തെ ഒർത്തുകൊണ്ടും അവിടുന്ന് പഠിച്ച ഓരോ പാഠം ഒർത്തുകൊണ്ടുമാണ്.വിദ്യാലയം മാത്രമല്ല അവിടെ നിന്നും ലഭിക്കുന്നഒരോന്ന് പഠിപ്പിക്കുന്നണ്ട് എന്നതാണ് സത്യം.എന്റെ വിദ്യാലയം എനിക്കു തരുന്ന ഒരോ പാഠവും തുറന്ന പുസ്തകത്തിലൂടെ മാത്രമല്ല,നല്ല സൗഹൃദങ്ങളോട്ടുക്രൂടിയുമാണ്.ഇണക്കവും പിണക്കവും ഇടകലർന്നസൗഹൃദത്തിലൂടെ.

വിദ്യാലയം എന്നു പറഞ്ഞാൽ പലർക്കും ആദ്യം ഓർമ്മവരുന്നത് മൂന്നും നാലും നിലയുള്ള കെട്ടിടങ്ങളായിരിക്കാം എന്നാൽ എനിക്കൊർമ വരുന്ന ഒന്നുണ്ട്,നല്ല പെരുമഴയത്ത് ഒടിട്ടരണ്ടു നില കെട്ടിടത്തിന്റെ വരാന്തയിൽ നിന്നും കാണുന്ന അതി  മനോഹരമായ ഒരുകാഴ്ച്ചയുണ്ട്.മുറ്റത്തു നിറഞ്ഞു പന്തലിച്ചു നിൽക്കുന്ന ഒരു ഞാവലും ആൽമരവും.ഇവ രണ്ടിന്റെയും ഇലയിൽ തട്ടിതടഞ്ഞു വീഴുന്ന ഒരോ തുളികളും മണ്ണിൽ ഒരു പ്രളയം സൃഷ്ടിക്കുന്നു.ഓടിന്റെ മുകളിലൂടെ ഓലിച്ചു വരുന്ന മഴ തുള്ളി എന്നെ നോക്കി ചിരിച്ചുകൊണ്ടു വീഴുന്ന പോലെ എനിക്കു തോന്നുന്നു.എത്രയോ നാളുകൾ കടന്നു പോയി.ഞാൻ ഒർക്കുമ്പോൾ എനിക്കു സന്തോഷം തോന്നുന്നു.എന്നാൽ ഇനി എത്രനാൾ ഞാൻ ഈ വിദ്യാലയത്തിൽ...

എന്റെ മനസ്സിനു കുളിർമ നൽകിയ ഓരോ മഴ തുള്ളിയും എന്റെ കണ്ണിനു കുളിർമ നൽകുന്ന ദിവസം അതികം ദൂരമില്ലാത്ത ആ ദിവസം അടുത്തു തുടങ്ങി.

അലീന അജോ

(അനനുഭവക്കുറിപ്പ്)

# എന്റെ നാട്.......

രമണീയമായനാട്

എൻ സ്വന്തം സ്വന്തം നാട്

ശ്രുപങ്ങളൂടേയും നാട്

വയലൂകളൂടെ  പൊൻമണി നാട്.....

അരുവികളും പുഴകളുമുണ്ടേ

ലോകത്തെ വിശ്വാസമുണ്ടേ........

ലോകമാണ് എന്റെ ദൈവം

ദൈവമാണ് എന്റെ സ്വന്തം

ക്രുയിലുകളുടെ പൊൻമണിനാദം

അലകളായി ഒഴുംമനസ്സിൽ

പ്രകൃതിരമണീയമായ നാട്

എന്റെ നാട്........

ഏൻലിയ

# തായ എന്ന പെൺകുട്ടി

**ഒരിക്കൽ ഒരു തണുപ്പുമാസത്തിൽ ധീരവിനും രാധക്കും തായ എന്ന പെൺക്കുട്ടി ജനിച്ചു. അവൾ എല്ല സുകസൗകര്യത്തോടെ ജനിച്ചുവളർന്നു. അവളുടെ 5–ആം പിറന്നാളിന് അവളുടെ അചഛൻ അവൾക്ക് പ്രീയപ്പെട്ട പൂച്ചയെ വാങ്ങികോടുത്തു . അവൾ അതിന് കിറ്റി എന്ന് പെര് ഇട്ടു അവൾ അതിനെ എല്ലാഠ കോട്ടുത്ത് വളർത്തി. എന്നാൽ അവൾ വളർന്നവരുഠമ്പോൾ അവളുടെ അഹങ്കാരവും വളർന്നുവന്നു . അതിനാൽ അവളെ നാട്ടുകാർക്ക് ഇഷ്ട്ടം അല്ല . കാരണം അവൾക്ക് പാവപ്പെട്ടവരുടെ മനസ്സ് മനസ്സിലാക്കാൻ പറ്റിയിരുന്നില്ല . പാവപ്പെട്ടവരെ കാണാൻ ഇഷ്ട്ടം അല്ലായിരുന്നു. അവളുടെ അമ്മ അവളുടെ അറിവില്ലായ്മയെപറ്റി എന്നും പറഞ്ഞു കെടുക്കുമായിരുന്നു . പിന്നീട് മൂത്തവരെ ബഹുമാനിക്കുകയും പാവപ്പെട്ടവരെയും പണക്കാരെയും ഒരുപോലെ കണ്ട് തെറ്റ് മനസിലാക്കി അവൾ ജീവിച്ചു .**

ബെനിറ്റ വി ബി

നന്ദി......